നം.കെ.എസ്.എ.-കെ.ടി.എം.പി.12-1737/2016 തീയതി: 21.11.2016

# മണർകാട് ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷങ്ങളിലെ വരവ് ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോട്ടയം ജില്ലയിലെ മണർകാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2015 മുതൽ 31.03.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീമതി സിനി എം. വി.,<br>ഡെപ്യൂട്ടി ഡയറക്ടർ, |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം |
|---|---|
| 27.10.2016 മുതൽ 04.11.2016 വരെ | ശ്രീമതി സ്നിദ്ധ എസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീമതി സുധ ജേക്കബ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ശ്രീലത ആർ. ബി.,സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ശിവരാജ് പി., ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ബാബു കോര<br>ശ്രീമതി ലിസി ചെറിയാൻ | 01.04.2015മുതൽ 31.10.2015 വരെ<br>01.11.2015മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീമതി ജിജി റ്റി, സെക്രട്ടറി(i/c)<br>ശ്രീ.സി. പി. വേണുഗോപാൽ<br>ശ്രീമതി സൂസി ജോസഫ്, സെക്രട്ടറി(i/c) | 01.04.2015 മുതൽ 25.07.2015 വരെ<br>30.07.2015 മുതൽ 14.01.2016 വരെ<br>26.07.15-29.07.15 & 15.01.2016 മുതൽ 31.03.2016 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി സൂസി ജോസഫ് | 01.04.2015- 31.03.2016 |
| കൃഷി ഓഫീസർ | ശ്രീമതി റീന ജോൺ | 01.04.2015- 31.03.2016 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി ദീപ കൃഷ്ണൻകുട്ടി | 01.04.2015- 31.03.2016 |

| | | |
|---|---|---|
| വെറ്റിനറി സർജൻ | ശ്രീ.സുനിൽ മുഹമ്മദ് | 01.04.2015- 31.03.2016 |
| വി.ഇ.ഒ. | ശ്രീ.രാജേഷ് കുമാർ | 01.04.2015- 31.03.2016 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ബീന സി. ജെ. | 01.04.2015- 31.03.2016 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി പി. ഉദയകല | 01.04.2015- 31.03.2016 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ.ബിജി ജോസഫ്<br>ഡോ.അരുൺകുമാർ<br>ഡോ.ഷീജാ തങ്കപ്പൻ<br>ഡോ.പ്രദീപാ എബ്രഹാം | 01.04.2015- 20-07-15<br>21-07-15-15-11-15<br>16-11-15-23-2-16<br>24-2-16-31-03-16 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ശ്രീമതി ഷൈലജ | 01.04.2015- 31.03.2016 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.അനി.പി.പ്രകാശം<br>ഡോ.ഡോൺ എബ്രഹാം. | 01.04.2015-07-08-15<br>& 05-11-15-31-3-16<br>08-08-15-04-11-15 |
| ഹെഡ്മാസ്റ്റർ | ശ്രീമ.പി.ജെ കുര്യൻ | 01.04.2015- 31.03.2016 |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| | ഭാഗം-1-പൊതു അവലോകനം |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | പദ്ധതി നിർവ്വഹണ വിവരങ്ങൾ |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | തനത് വരുമാനം |
| 1-10 | ക്യാഷ് വെരിഫിക്കേഷൻ |
| 1-11 | ആഭ്യന്തരനിയന്ത്രണം |
| 1-12 | ഡി.സി.ബി. തയ്യാറാക്കുന്നതിൽ അപാകത |
| 1-13 | ദുരിതാശ്വാസ നിധി |

| | |
|---|---|
| 1-14 | വർക്കിംഗ് ഗ്രൂപ്പ് |
| 1-15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| | ഭാഗം-2 |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനം |
| 2-2 | വസ്തുനികുതി ഈടാക്കിയതിൽ കുറവ് |
| 2-3 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല |
| 2-4 | വിമുക്ത ഭടന്മാരുടെ വസ്തുനികുതി--ഫയലുകളും രജിസ്റ്ററുകളും ലഭ്യമായില്ല |
| 2-5 | ബിൽഡിംഗ് പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് |
| 2-6 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 2-7 | പഞ്ചായത്തിലെ കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 2-8 | സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല |
| 2-9 | ഡി & ഒ ട്രേഡ് ലൈസൻസ്--പൊതു അപാകതകൾ |
| 2-10 | അബ്കാരി ഷാപ്പുകൾ ഡി & ഒ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു. |
| 2-11 | പരസ്യ നികുതി ചുമത്തുന്നതിന് നടപടികൾ സ്വീകരിച്ചില്ല |
| 2-12 | സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നില്ല |
| 2-13 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നില്ല |
| | ഭാഗം-3 |
| 3-1 | ഇന്റർലോക്കിംഗ് ടൈൽസ് പാകുന്ന പ്രവൃത്തിയ്ക്ക് അധിക നിരക്ക് നൽകി--പഞ്ചായത്ത് ഫണ്ടിന് 8392/- രൂപയുടെ നഷ്ടം |
| 3-2 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി റോഡ് കോൺക്രീറ്റിംഗ് നടത്തി |
| 3-3 | സി.എഫ്.എൽ.ബൾബ്, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ അപാകതകൾ |
| 3-4 | ഭവന നിർമ്മാണം പൂർത്തിയാക്കാത്തത് |
| 3-5 | പൊതു ടാപ്പുകളുടെ വെള്ളക്കരം--വാർഷിക ബാദ്ധ്യത 11.4 ലക്ഷം രൂപ |
| 3-6 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| 3-7 | പൈപ്പ് കമ്പോസ്റ്റ് പദ്ധതി--അപാകതകൾ |
| 3-8 | ആശ്രയ |
| 3-9 | സർവ്വശിക്ഷാ അഭിയാൻ പദ്ധതി--അപാകത |
| 3-10 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| 3-11 | മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും ഈടാക്കിയ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഒടുക്ക് വരുത്തിയതിന് രേഖയില്ല |

| | |
|---|---|
| | ഭാഗം-4 |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും |
| 4-2 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ലഭിച്ച തുകകളുടെ വിവരം |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം |
| 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |

അനുബന്ധം

1. ബാലൻസ് ഷീറ്റ് : 2015-16
2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് : 2015-16
3. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് : 2015-16
4. ഓഡിറ്റ് സർട്ടിഫിക്കറ്റ്


# ഭാഗം 1
## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 25.03.2015 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | ബജറ്റിൽ പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 13495615.60 | 21385178.15 | 7889562.55 | |
| വരവ് | 140948117 | 37692904 | | 103255213 |
| ആകെ | 154443732.6 | 59078082.15 | | 95365650.45 |
| ചെലവ് | 153502488 | 49973117.50 | 103529370.5 | |
| നീക്കിയിരിപ്പ് | 941244 | 9104964.65 | 8163720.45 | |

മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകളിൽ ഭീമമായ അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു. ഫണ്ടുകളിലെ യഥാർത്ഥ നീക്കിയിരിപ്പ് തുകകൾ പരിഗണിക്കാതെയാണ് ബജറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്. വാർഷിക പദ്ധതിക്ക് അംഗീകാരം ലഭിച്ച മുറയ്ക്ക് ബജറ്റ് പുതുക്കി ഭരണ സമിതിയുടെ അംഗീകാരം

വാങ്ങിയിട്ടില്ല. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി (അപാകത പരിഹരിച്ച് ലഭ്യമാക്കിയത്) |
|---|---|---|
| 2015-16 | 31.07.2016 | 30.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റിന്റെ വിശദാംശം |
|---|---|---|
| 2015-16 | ഓഡിറ്റ് സമയത്ത് പരിശോധിച്ചു 31.10.2016 | ഈ റിപ്പോർട്ടിന്റെ അനുബന്ധം ആയി ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

| ഇനം | 2015-16 |
|---|---|
| മുന്നിരിപ്പ് | 21385178.15 |
| വരവ് | 37692904.00 |
| ആകെ | 59078082.15 |
| ചെലവ് | 49973117.50 |
| നീക്കിയിരിപ്പ് | 9104964.65 |

## 1-5 ഫണ്ട് വിനിയോഗം ( 2015-16)

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 1055541 | 7661404 | 8716945 | 8164419 | 552526 | 93.7 |
| വികസനഫണ്ട് (എസ്.സി.പി.) | 3259530 | 2494000 | 5753530 | 1460150 | 4293380 | 25 |
| വികസനഫണ്ട് (ടി.എസ്.പി.) | 861942 | 517000 | 1378942 | 647815 | 731127 | 47 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1840503 | 7474000 | 9314503 | 8662938 | 651565 | 93 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 1854856 | 2503000 | 4357856 | 1692624 | 2665232 | 38.84 |
| 13th CFCഗ്രാന്റ് | 2960516 | 3153830 | 6114346 | 3474765 | 2639581 | 56.83 |
| പെർഫോർമൻസ് ഗ്രാന്റ് | 2617670 | 0 | 2617670 | 1320228 | 1297442 | 50.44 |
| MNREGS | 0 | 3605664 | 3605664 | 3603897 | 1767 | 99.9 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | ചെലവഴിച്ച തുക | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 210 | 54368526 | 150 | 0 | 30002755 | 60 | 54.76 |

ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക പദ്ധതി അവലോകനം നടത്തിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ

ചേർക്കുന്നു.

1. പദ്ധതി രൂപീകരണം, മോണിട്ടറിംഗ് എന്നിവയിൽ നിർണ്ണായകമായ പങ്കാളിത്തം വഹിക്കുന്ന സമിതികളാണ് വർക്കിംഗ് ഗ്രൂപ്പുകൾ. ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. സ്റ്റേക്ക് ഹോൾഡർമാരുമായി ചേർന്ന് ഓരോ വിഷയമേഖലയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ചർച്ച ചെയ്ത് ആയതിന് അനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് കഴിഞ്ഞിട്ടില്ല.
2. ഗ്രാമപഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലേയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികൾ തയ്യാറാക്കുന്നതിന് പകരം വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതംവെച്ച് താരതമ്യേന ചെറുതും, ഫലപ്രാപ്തി കുറഞ്ഞതുമായ പദ്ധതികൾ ഏറ്റെടുക്കുന്നു (ഉദ: പശ്ചാത്തല മേഖലയിലെ റോഡ് നിർമ്മാണ പ്രോജക്ടുകൾ).
3. റോഡ് നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ മുഴുവൻ നീളത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തുന്നതിന് പകരം റോഡുകളെ ചെറിയ കഷണങ്ങളാക്കി മുറിച്ച് ചെറിയ നീളം മണ്ണ് ഫില്ലിംഗ്/കോൺക്രീറ്റിംഗ് നടത്തുന്നതിന് പദ്ധതികൾ നടപ്പിലാക്കുന്നു. ഇതു മൂലം ഒരു റോഡു പോലും പൂർണ്ണമായി ഗതാഗത യോഗ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തിനാവുന്നില്ല.
4. ഏറ്റെടുക്കുന്ന പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല. സാമ്പത്തിക വർഷത്തിന്റെ അന്ത്യംവരെ പദ്ധതി പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് നിർമ്മാണ പ്രവർത്തികൾ വലിച്ചിഴയ്ക്കുകയും, അവസാന നാളുകളിൽ പദ്ധതിപ്പണം തിരക്കിട്ട് ചെലവഴിച്ച് തീർക്കുകയും ചെയ്യുന്ന പ്രവണത നിലനിൽക്കുന്നു.
5. എസ്.സി.പി. പ്രോജക്ടുകളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കുന്നതിന് നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.
6. മെയിന്റനൻസ് ഫണ്ടും, വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തുകളുടെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ് ഇതര – റോഡ് ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക മെയിന്റനൻസ് പ്ലാൻ (ആസ്തി സംരക്ഷണ പരിപാലന പദ്ധതി) തയ്യാറാക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.
7. പ്രോജക്ട് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകിയിട്ടില്ല.
8. മരാമത്ത് പ്രവൃത്തികളുടെ സംഗതിയിൽ പ്രവൃത്തി സ്ഥലത്ത് വിശദമായി വിവരങ്ങൾ അടങ്ങിയ (പ്രവൃത്തിയുടെ പേര്, കരാറുകാരൻ, അടങ്കൽ, പൂർത്തിയാക്കുന്ന തീയതി മുതലായവ) ബോർഡ് പ്രദർശിപ്പിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.
9. അങ്കണവാടികളിൽനിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും കൂടെ കൂടെ പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് ഗ്രാമസഭാ അംഗങ്ങളിൽനിന്നും പൊതു സമ്മതരായ 5 പേരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.
10. ഗ്രാമപഞ്ചായത്തിൽ പൊതു ശ്മശാനവും, അറവു ശാലയും സ്ഥാപിക്കപ്പെട്ടിട്ടില്ല. പൊതു ശ്മശാനവും, അറവു ശാലയും ഇല്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ അവ സ്ഥാപിക്കുന്നതിന് വികസന ഫണ്ടിൽനിന്നും നിർബന്ധിത വകയിരുത്തൽ നടത്തണമെന്ന് മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ടി പദ്ധതികൾ നടപ്പിലാക്കുന്നതിന് ക്രിയാത്മകമായ നടപടി ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.
11. വനിതാ ഘടകപദ്ധതിയ്ക്ക് വികസന ഫണ്ടിന്റെ 10% തുക വകയിരുത്തണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. വനിതാഘടകപദ്ധതിയുടെ ഭാഗമായി വകയിരുത്തിയ 2009279/- രൂപയിൽ നടപ്പിലാക്കിയ പ്രോജക്ടുകൾ എല്ലാം സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യപദവിയും വർദ്ധിപ്പിക്കാനുതകുന്നവ ആയിരുന്നില്ല.
12. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ആശ്രയ പദ്ധതിക്കായി തുക വകയിരുത്തിയിട്ടില്ല. കുട്ടികൾക്കും വൃദ്ധർക്കും ഭിന്നശേഷിയുള്ളവർക്കും വികസനഫണ്ടിൽ നിന്നും തുക വകയിരുത്തിയെങ്കിലും നടപ്പിലാക്കിയ പ്രൊജക്ടുകളെല്ലാം നിർബന്ധിത വകയിരുത്തലുമായി ബന്ധപ്പെട്ടവയായിരുന്നു( ഉദാ: കുട്ടികൾ-എസ്.എസ്.എ., വൃദ്ധർ-പാലിയേറ്റീവ് കെയർ, ഭിന്നശേഷിയുള്ളവർ - സാമൂഹ്യസുരക്ഷാ മിഷൻ വിഹിതം, ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്). യുവജനവികസന പരിപാടികൾക്കായി പ്രൊജക്ടുകൾ ആവിഷ്കരിച്ചെങ്കിലും നടപ്പാക്കിയില്ല.

മേൽ വിവരിച്ച അപാകതകൾ പരിഹരിക്കുന്നതിനും വാർഷിക പദ്ധതി നടത്തിപ്പ് കുറ്റമറ്റതാക്കുന്നതിനുമുള്ള ആത്മാർത്ഥ ശ്രമം ഗ്രാമപഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 1-7 പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വികസന മേഖല | വർഷം | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ തുക | എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |

| | | | | | | |
|---|---|---|---|---|---|---|
| ഉല്പാദനം | 2015-16 | 14 | 2671869 | 9 | 999971 | 37.43 |
| സേവനം | 2015-16 | 59 | 21284580 | 36 | 9915261 | 46.58 |
| പശ്ചാത്തലം | 2015-16 | 126 | 26871698 | 98 | 17219969 | 64.08 |
| മേഖലാ വിഭജനത്തിൽ ഉൾപ്പെടാത്തവ | 2015-16 | 11 | 3540379 | 7 | 1867554 | 52.75 |
| ആകെ | | 210 | 54368526 | 150 | 30002755 | 55.18 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2015-16 | 271 | 2887530 |
| വാർദ്ധക്യകാല പെൻഷൻ | 2015-16 | 1200 | 6771900 |
| വിധവാ പെൻഷൻ | 2015-16 | 481 | 4944120 |
| 50വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2015-16 | 19 | 162680 |
| ശാരീരിക മാനസിക വൈകല്യം | 2015-16 | 202 | 2353660 |
| തൊഴിൽ രഹിത വേതനം | 2015-16 | 64 | 68880 |

## 1-9 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷം ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെചേർക്കുന്നു.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 7436304 | 8013130 | 576826 | +7.8 |
| നികുതിയേതര വരവുകൾ | 1045341 | 1210352 | 165011 | +15.8 |
| മറ്റ് വരവുകൾ | 278891 | 295378 | 16487 | +6 |
| ആകെ | 8760536 | 9518860 | 758324 | +8.6 |

മേൽ കണക്കുകൾ പരിശോധിച്ചാൽ പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ കാര്യമായ വർദ്ധന ഉണ്ടാകുന്നില്ലെന്ന് വ്യക്തമാണ്. പ്രധാന വരുമാന സ്രോതസ്സുകളായ വസ്തു നികുതി, തൊഴിൽ നികുതി എന്നിവയിലെ പിരിവ് നാമമാത്രമാണ്. വസ്തുനികുതിയും,തൊഴിൽ നികുതിയും കൃത്യമായി പിരിച്ചെടുക്കുന്നതിൽ വേണ്ടത്ര ശ്രുഷ്കാന്തി അധികൃതരുടെ ഭാഗത്തു നിന്നുമുണ്ടാകുന്നില്ല.

വരുമാന വർദ്ധനവിന് ശക്തമായ നടപടികൾ കൈക്കൊള്ളുകയും അതോടൊപ്പംതന്നെ ഈടാക്കാവുന്ന എല്ലാ നികുതികളും കൃത്യമായി ഈടാക്കേണ്ടതുമാണ്. ഉദാഹരണമായി പഞ്ചായത്ത് വസ്തു നികുതിയിൻമേൽ നിലവിൽ സേവന ഉപനികുതി ഈടാക്കുന്നില്ല. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ, ചട്ടം 200, ഉപചട്ടം (2) പ്രകാരം, ടി ചട്ടങ്ങൾ, ചട്ടം 207 ഉപവകുപ്പ് (1) പ്രകാരം

സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്നും ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. പഞ്ചായത്ത് നൽകുന്ന പ്രധാന സേവനമായ തെരുവു വിളക്കുകളുടെ പരിപാലനത്തിന് 2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ (എസ്.ആർ.ഒ നം.37/2011, ചട്ടം 27 (സി) പ്രകാരം കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 2 ശതമാനത്തിൽ കുറയാത്ത തുക ഈടാക്കാവുന്നതാണ്. കൂടാതെ ഓഡിറ്റ് നിരന്തരം ആവശ്യപ്പെട്ടിട്ടും ശബരിമലയിലേക്കുള്ള പ്രധാന പാത കടന്നുപോകുന്ന ഈ പഞ്ചായത്തിൽ നാളിതുവരെ പരസ്യ നികുതി ഈടാക്കുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തി തനതു വരുമാന വർദ്ധന ഉറപ്പുവരുത്തേണ്ടതാണ്.

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.11.2016-ൽ 4 P.M ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ അന്നേദിവസത്തെ കളക്ഷൻ തുകയായ 107101/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു. എന്നാൽ കാഷ്ബുക്കിലെ നീക്കിയിരിപ്പ് തുകയുമായി 11789/- രൂപയുടെ വ്യത്യാസമുണ്ട്.

## 1-11 ആഭ്യന്തര നിയന്ത്രണം

വൗച്ചറുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. മിനിട്സ് ബുക്കുകൾ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. ഇൻകുംബൻസി മാസ്റ്റർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് കാലയളവിൽ ജോലി ചെയ്തിരുന്ന വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവരുടെ വിവരങ്ങൾ ഇൻകുംബൻസി രജിസ്റ്ററിൽ എഴുതി സൂക്ഷിക്കാതിരുന്നത് വീഴ്ചയാണ്. ഇൻകുംബൻസി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും അടുത്ത ഓഡിറ്റ് വേളയിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. കണ്ടിജെന്റ് ബിൽ റജിസ്റ്റർ, വസ്തുനികുതി അസസ്സ്മെന്റ്, ഡിമാന്റ് രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. വികസന സെമിനാർ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ പ്രവർത്തനം ഫലപ്രദമല്ല എന്ന് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും മനസ്സിലാക്കുന്നു.

## 1-12 ഡി.സി.ബി തയ്യാറാക്കുന്നതിൽ അപാകത

വസ്തു നികുതി, സ്ഥാപനങ്ങൾ ട്രെയ്ഡേഴ്സ് തുടങ്ങിയവരുടെ തൊഴിൽ നികുതി, വാടക, ഡി & ഒ ലൈസൻസ് ഫീസ് തുടങ്ങിയ ഇനങ്ങളുടെ ഡി.സി.ബി പത്രിക തയ്യാറാക്കുന്നില്ല. വാർഷിക ധനകാര്യ പത്രികയിലെ വിശദാംശങ്ങൾ ചേർത്ത് ഡി.സി.ബി സംക്ഷിപ്തം തയ്യാറാക്കുക മാത്രമാണ് നിലവിൽ ചെയ്തിരിക്കുന്നത്. മേൽപ്പറഞ്ഞ വരുമാനങ്ങളുടെ ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള വരുമാനം ഇനം തിരിച്ച് രേഖപ്പെടുത്തി ആകെത്തുക കണക്കാക്കേണ്ടതാണ്. രജിസ്റ്ററിലെ വിശദാംശങ്ങൾ ഉൾപ്പെടുത്തി ഡി.സി.ബി പത്രിക തയ്യാറാക്കേണ്ടതും ടി പത്രികയിൽ നിന്നും ഡി.സി.ബി സംക്ഷിപ്തം തയ്യാറാക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ ഡിമാന്റ് രജിസ്റ്ററുകളിൽ നികുതിദായകന്റെയും അടവാക്കിയ നികുതിയുടെയും എല്ലാ വിശദാംശങ്ങളും ഉൾപ്പെടുത്താനും ശ്രദ്ധിക്കേണ്ടതാണ്.

## 1-13 ദുരിതാശ്വാസ നിധി

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിത നിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി, 2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിൽ ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനും അതിലേക്ക് ധനസമാഹരണം നടത്തുന്നതിനും അർഹരായവർക്ക് സഹായമെത്തിക്കുന്നതിനും ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 വർക്കിംഗ് ഗ്രൂപ്പ്

ഗ്രാമപഞ്ചായത്തിലെ പദ്ധതി രൂപീകരണത്തിൽ നിർണ്ണായക പങ്കാളിത്തം വഹിക്കുന്ന സമിതികളാണ് വർക്കിംഗ് ഗ്രൂപ്പുകൾ. ഓഡിറ്റ് കാലയളവിൽ രണ്ട് തവണ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുള്ളത്. ബന്ധപ്പെട്ട വിഷയ മേഖലകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ചർച്ച ചെയ്ത് ആയതിന് അനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് കഴിഞ്ഞിട്ടില്ല. കൂടാതെ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ പ്രോജക്ടുകളായി പരിണമിക്കുന്നില്ലെന്ന് രേഖകൾ സൂചിപ്പിക്കുന്നു. ജനങ്ങൾക്ക് ആസൂത്രണ കാര്യങ്ങളിൽ പങ്കെടുക്കാനുള്ള ഏറ്റവും പ്രബലമായ വേദിയാണ് വർക്കിംഗ് ഗ്രൂപ്പുകൾ. ആയതിനാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ശ്രദ്ധപതിപ്പിക്കേണ്ടതാണ്.

## 1-15 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.07.16-15.07.16 | 09/2016 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമായില്ല | 2000-01 മുതൽ 2006-07 വരെ | LBA(H.Q)/11/8A/1254/5 Dated 04.04.2008 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വാർഷിക കണക്കുകളുടെ അവലോകനം

പഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രികയിൽ താഴെ പറയും പ്രകാരമുള്ള അപാകതകൾ നിലനിൽക്കുന്നു.

1. ഷെഡ്യൂൾ ബി-1 : കണക്ക് ശീർഷകം 310900101-ൽ 2014-15 വാർഷിക കണക്കിലെ നീക്കിയിരിപ്പും 2015-16 ലെ മുന്നിരിപ്പും തമ്മിൽ 94537/- രൂപയുടെ വ്യത്യാസം വന്നതിനുള്ള വിശദീകരണം ലഭ്യമല്ല.
2. ഷെഡ്യൂൾ ബി-3 : ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിലുള്ള 2645855/- രൂപയുടെ ചെലവിന്റെ വിവരങ്ങൾ ലഭ്യമല്ല.
3. ഷെഡ്യൂൾ ബി-3 : 320100121, 320100299 കണക്ക് ശീർഷകങ്ങളിലുള്ള ഐ.സി.ഡി.എസ് സെൻട്രൽ ഷെയറിന്റെ വിവരങ്ങളിൽ 320100299 ലെ നീക്കിയിരിപ്പ് 2014-15 ൽ ലഭിച്ച തുകയാണ്. ടി തുക കൂടി ചേർത്ത് 320100121 ൽ നീക്കിബാക്കി 440834/- രൂപയായി മാറ്റേണ്ടതാണ്.
4. ശുചിത്വമിഷനിൽനിന്നും 2014-15 ൽ പൂർത്തീകരിച്ച കക്കൂസുകളുടെ വിഹിതമിനത്തിൽ ലഭിച്ച 444000/- രൂപയും ഉറവിട മാലിന്യസംസ്കരണത്തിനായി ലഭിച്ച 287010/- രൂപയും ചെലവഴിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.
5. ഷെഡ്യൂൾ ബി-7 : 320100203 ലെ നീക്കിയിരിപ്പ് 2000/- രൂപയും രജിസ്റ്റർ പ്രകാരം 13875/- രൂപയുമാണ്. വ്യത്യാസത്തിനുള്ള കാരണം വിശദമാക്കിയില്ല.
6. ഷെഡ്യൂൾ ബി-8 : ഡെപോസിറ്റ് 3500/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമല്ല.
7. ഷെഡ്യൂൾ ബി-9 : ധനകാര്യ പത്രികയിലും ബിൽരജിസ്റ്ററിലും താഴെ പറയുന്ന കണക്ക് ശീർഷകങ്ങളിലെ നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ

| കണക്ക് ശീർഷകം | ധനകാര്യ പത്രിക | ബിൽ രജിസ്റ്റർ | വ്യത്യാസം |
|---|---|---|---|
| 350110102 | 405231/- | 407531/- | 2300/- |
| 350110104 | 56834/- | 58614/- | 1780/- |
| 350200101 | 5163/- | 12000/- | 6837/- |
| 350200102 | 39195/- | 45400/- | 6205/- |

കൂടാതെ മുൻകൂറായി ലഭിച്ച ഇനങ്ങളുടെ വിശദാംശം ലഭ്യമല്ല.

| ഇനം | കണക്ക് ശീർഷകം | തുക |
|---|---|---|
| തൊഴിൽ നികുതി | 350410102 | 67070/- |
| ഡി & ഒ ലൈസൻസ് ഫീസ് | 350410301 | 30710/- |
| വാടക | 350410401 | 7108/- |

8. ഷെഡ്യൂൾ ബി-11 : ആസ്തി വിവരങ്ങൾ ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നില്ല.

| ഇനം | കണക്ക് ശീർഷകം | റിമാർക്ക്സ് |
|---|---|---|
| കെട്ടിടം | 410200199 | തൻവർഷം ആർജ്ജിച്ച 2256495/- രൂപയുടെ ആസ്തിയുടെ വിശദാംശങ്ങളില്ല |
| സിമന്റ് റോഡ് | 410300101 | മുൻവർഷ തുകയിൽ മാറ്റമില്ല. |
| ലെയ്ൻ | 4103002101 | “ |
| കുടിവെള്ള പൈപ്പ് | 410400103 | 42160/- രൂപയുടെ വിവരങ്ങൾ ലഭ്യമാക്കിയില്ല |
| സ്ട്രീറ്റ് ലൈറ്റ് | 410600104 | മുൻവർഷ തുകയിൽ മാറ്റമില്ല. |
| സുസ്ഥിര ആസ്തി | 410800101 | 132396/- രൂപയുടെ വിവരങ്ങൾ ലഭ്യമാക്കിയില്ല |

9. ഷെഡ്യൂൾ ബി-11(എ): ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ഇനത്തിലുള്ള 147256/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

10. ഷെഡ്യൂൾ ബി-15 : വിവിധ ഡിമാന്റ്/കളക്ഷൻ രജിസ്റ്ററുകളിലെ തുകകൾ കൂട്ടിയെടുത്ത് വാർഷിക കണക്കുമായി

പൊരുത്തപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കുകളിലെ സംക്ഷിപ്തം മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

11. ഷെഡ്യൂൾ ബി-18 : കണക്ക് ശീർഷകം 460500202-ലെ 10760/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

12. ഷെഡ്യൂൾ ഐ-6 : വികസനഫണ്ട് -ജനറൽ കണക്ക് ശീർഷകം 160100101-ൽ റവന്യൂ ചെലവായി 8757502/- രൂപ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും യഥാർഥ ചെലവ് 8164419/- രൂപയേ ഉള്ളൂ.

13. കാഷ് ബാലൻസിൽ 11789/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. സാംകുട്ടി സി ലാൽ എന്ന ബിൽ കളക്ടർക്ക് ദിവസ കളക്ഷന് (23.03.2011, 24.03.2011) സാംഖ്യ രസീത് നൽകിയെങ്കിലും തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയില്ല. ഇത് സംബന്ധിച്ച് കോട്ടയം ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ CC-133/2011 നം. കേസ് നിലനിൽക്കുന്നതായി പഞ്ചായത്ത് അധികൃതർ അറിയിച്ചു(ഫയൽ നം.A6-5687/15).

## 2-2 വസ്തു നികുതി ഈടാക്കിയതിൽ കുറവ്

2015-16 സാമ്പത്തിക വർഷം ഒരേ ഉടമസ്ഥതയിലുള്ള ആളിന്റെ വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ ഓരോ മുറിക്കും വിവിധ നമ്പരുകൾ നല്കി നികുതി നിർണ്ണയിച്ചപ്പോൾ 100 ച.മീ. കുറവുള്ള നിരക്കായ 30 രൂപയാണ് ചുമത്തിയിരിക്കുന്നത്. 70/- രൂപ പ്രകാരമാണ് ചുമത്തേണ്ടത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനം. | പേരും മേൽ വിലാസവും | കെട്ടിട നം | വിസ്തീർണ്ണം (ച.മീ) | നിർണ്ണയിച്ച വസ്തുനികുതി @30 | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തു നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | തോമസ്. എം.എം ആനിവേലിൽ മണർകാട് | 69 A | 45.50 | 1365-136.5(ദ്വിതീയ മേഖല ഇളവ് 10%)-75.1 (ബഹുനില)+273(റോഡ് വർദ്ധനവ് 20%)+42(L/C)+29(ST)=1528രൂപ | (@70) 375.6 ച.മീ x70-2629 (10%ഇളവ്) +5258 (20% റോഡ് വർദ്ധനവ്) =28291 രൂപ | 15848 രൂപ |
| | | 69 B | 66.02 | 1980.6-198 -108.95(ബ.നി.)+396.12 (റോഡ് വർദ്ധനവ്)+104+42=2217രൂപ | | |
| | | 69 C | 66.02 | 1980.6-198.06(ഇളവ്)+396.12(വർദ്ധനവ്) +109+44=2332രൂപ | | |
| | | 69D | 66.02 | 1980.6-198.06(ഇളവ്)+396.12(വർദ്ധനവ്) +109+44=2332രൂപ | | |
| | | 69E | 66.02 | 1980.6-198.06(ഇളവ്)+396.12(വർദ്ധനവ്)+ 109+44=2332രൂപ | | |
| | | 69F | 66.02 | 1980.6-198.06(ഇളവ്)+396.12(വർദ്ധനവ്)+ 109+44=2332രൂപ | | |
| | | | ആകെ 375.6ച.മീ. | ആകെ-13073 രൂപ | | |
| 2 | സോമൻ. | 575 B | 22.94 | 677+34(LC)+14(ST)=725രൂപ | | |

| | | | | | | |
|---|---|---|---|---|---|---|
| | കെ.കെ, ചെറുകുന്നേൽ | | | | | |
| | | 575 C | 40.67 | 1221+62+25=1308രൂപ | (@ 50) 126.42x50= 6321 രൂപ | 2255 രൂപ |
| | | 575 D | 22.54 | 677+34(LC)+14(ST)=725 രൂപ | | |
| | | 575 E | 40.67 | 1221+62+25=1308രൂപ | | |
| | | | 126.42 | 4066 രൂപ | | |
| | | | | | ആകെ കുറവ് | 18103 രൂപ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മേൽ പറഞ്ഞ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണ്ണയിച്ച് ഈടാക്കിക്കൊള്ളാമെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 2-3 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല.

പഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ആകെ 7 മൊബൈൽ ടവറുകൾ പ്രവർത്തിയ്ക്കുന്നതായി കാണുന്നു. എന്നാൽ ഈ ടവറുകൾക്ക് ച.മീ. ന് 500/- രൂപ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമനം. | വാർഡ് നം./കെട്ടിട നം. | മൊബൈൽ ടവർ സ്ഥാപിച്ച കമ്പനിയുടെ പേര് | നിർണ്ണയിച്ച വസ്തുനികുതി (രൂപ) |
|---|---|---|---|
| 1 | I/100 | റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് | 4815 |
| 2 | 5/375 A | സെല്ലുലാർ ലിമിറ്റഡ് | 5778 |
| 3 | 7/172 A | ഭാരതിഇൻഫ്രാടെൽ ലിമിറ്റഡ് | 10700 |
| 4 | 12/564 | ടാറ്റാ ടെലി സർവ്വീസസ് ലിമിറ്റഡ് | 5885 |
| 5 | 13/195 | റിലയൻസ് ഇൻഫോകോം ലിമിറ്റഡ് | 5350 |
| 6 | 9/547 | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് | 17120 |
| 7 | 14/350 A | എം.എസ് ഭാരതി സെല്ലുലാർ ലിമിറ്റഡ് | 2943 |

ആയതിനാൽ മേല്പറഞ്ഞവയിൽ നിന്നും പരിഷ്കരിച്ച നിരക്കിലുള്ള വസ്തുനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതാണ്.

## 2-4 വിമുക്ത ഭടന്മാരുടെ വസ്തുനികുതി- ഫയലുകളും രജിസ്റ്ററും ലഭ്യമായില്ല

2015-16 സാമ്പത്തിക വർഷത്തെ വിമുക്ത ഭടന്മാരുടെ വസ്തുനികുതി ഇളവ് സംബന്ധിച്ച അപേക്ഷകളും ഫയലുകളും രജിസ്റ്ററും ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നല്കിയിരുന്നെങ്കിലും നികുതി ഇളവ് അനുവദിച്ചവരുടെ എക്സൽ ഷീറ്റിൽ തയ്യാറാക്കിയ ഒരു ലിസ്റ്റ് മാത്രമാണ് ലഭിച്ചത്. ആയതിനാൽ അർഹതയില്ലാത്തവർക്ക് വസ്തുനികുതി ഇളവ് അനുവദിച്ചിട്ടുണ്ടോ എന്ന് പരിശോധിയ്ക്കാൻ കഴിഞ്ഞില്ല.

## 2-5 ബിൽഡിംഗ് പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്

കാറ്റഗറി I ൽ പ്പെടുന്ന പഞ്ചായത്തിൽ 150 ചതുരശ്രമീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് ഒരു ചതുരശ്രമീറ്ററിന് 5 രൂപ വീതവും, വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 7 രൂപ വീതവുമാണ് ബിൽഡിംഗ് പെർമിറ്റ് ഫീസ് ഈടാക്കുന്നത്. എന്നാൽ ചുവടെ കൊടുത്തിട്ടുള്ള വ്യക്തികളിൽ നിന്നും ഫീസ് ഈടാക്കിയതിൽ കുറവുള്ളതായി കാണുന്നു.

| പേരും മേൽവിലാസവും | തറ വിസ്തീർണ്ണം (ച:മീ) | വാസഗൃഹം/ വാണിജ്യം | ഈടാക്കിയത് | രസീത് നം./തീയതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| ദിലീപ് റ്റി ചാക്കോ,<br>തെക്കേക്കാട്ട്<br>മണർകാട് | 430.59 | വാണിജ്യം | 2889 | 11503<br>100655/<br>8.5.15 | 3014<br>(@ 7) | 125 |
| കുര്യൻ മത്തായി,<br>തൊട്ടിയിൽ, മാലം | 175.19 | വാസഗൃഹം | 800 | 115031<br>01885/<br>4.8.15 | 875 | 75 |
| സുജ സൂസൻ,<br>കാവുപറമ്പിൽ<br>മണർകാട് | 189.91 | വാസഗൃഹം | 760 | 115031<br>01907/<br>5.8.15 | 949 | 189 |
| അനീഷ് അബ്രഹാം | 249.47 | വാസഗൃഹം | ഫീസ് വാങ്ങിയ<br>തിന്റെ വിശദാം<br>ങ്ങൾ ഇല്ല. | - | 1247 | 1247 |
| | | | | | ആകെ<br>കുറവ് | 1636 രൂപ |

മേൽപ്പറഞ്ഞ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9) മറുപടി തൃപ്തികരമല്ല. കുറവായി ഈടാക്കിയ പെർമിറ്റ് ഫീസ് മേല്പറഞ്ഞ വ്യക്തികളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-6 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1) തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ തൊഴിൽ നികുതി അടച്ചതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനം. | സ്ഥാപനം | ഇനം | നികുതി ഒടുക്കേണ്ട അർദ്ധവർഷം |
|---|---|---|---|
| 1 | സാന്റാമരിയ പബ്ളിക് സ്കൂൾ, ഒറവയ്ക്കൽ | സ്ഥാപനതൊഴിൽനികുതി,<br>ജീവനക്കാരുടെ തൊഴിൽ നികുതി | 2015-16<br>(I, II) |
| 2 | കൊശമറ്റം ഫിനാൻസ് | സ്ഥാപനതൊഴിൽ നികുതി | 2015-16 (II) |
| 3 | കൊശമറ്റം ഫിനാൻഷ്യൽ എന്റർപ്രൈസസ് | സ്ഥാപനതൊഴിൽ നികുതി, | 2015-16(I, II) |
| 4 | ബി.എസ്.എൻ.എൽ | സ്ഥാപനതൊഴിൽ നികുതി | 2015-16(I, II) |
| 5 | റേഷൻ കടകൾ | സ്ഥാപനതൊഴിൽ നികുതി | 2015-16(I, II) |
| 6 | കള്ളുഷാപ്പുകൾ | സ്ഥാപനതൊഴിൽ നികുതി | 2015-16(I, II) |
| 7 | ഗ്യാസ് ഏജൻസികൾ | സ്ഥാപനതൊഴിൽ നികുതി | 2015-16(I, II) |
| 8 | ന്യൂ ഇന്ത്യാ ഇൻഷുറൻസ്, മണർകാട് | ജീവനക്കാരുടെ തൊഴിൽ നികുതി | 2015-16(I, II) |
| 9 | അക്ഷയസെന്ററുകൾ | ജീവനക്കാരുടെ തൊഴിൽ നികുതി | 2015-16(I, II) |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽനിന്നും തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 2-7 പഞ്ചായത്തിലെ കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും ചട്ടം 3 സെക്ഷൻ 204(ii) പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്ക് വിധേയമായി തൊഴിൽ നികുതി ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഓരോ അർദ്ധവർഷവും ആകെക്കൂടിഅറുപത് ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനുവെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിയ്ക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിയ്ക്കുന്നതോ അഥവാ ആകെക്കൂടിഅറുപത് ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്ത് താമസിയ്ക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിയ്ക്കുകയും ചെയ്യുന്ന ഏതൊരാളുടേയും മേൽ ചുമത്തേണ്ടതാകുന്നു.

എന്നാൽ തൻവർഷം പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയ ചുവടെ കൊടുത്തിട്ടുള്ള

കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | കോൺട്രാക്ടർമാരുടെ പേര് |
|---|---|
| 1 | ജിനു ജോർജ്ജ്, ചേന്നടത്തിൽ, കരിങ്കുന്നം |
| 2 | ഷിബു അബ്രഹാം, കോലത്ത്, പാറമ്പുഴ |
| 3 | സാബു സെബാസ്റ്റ്യൻ, പുതുപ്പള്ളിക്കുന്നേൽ, അമയന്നൂർ |
| 4 | ഷാജി അബ്രഹാം, കളപ്പുരയ്ക്കൽ, കിടങ്ങൂർ |
| 5 | രാജു അബ്രഹാം, തെക്കേപ്പറമ്പിൽ, മാലം. |
| 6 | ആലി മാത്യു, മേച്ചേരിൽ, മണർകാട് |
| 7 | മനോജ് സി.എ,ചേരോലിയ്ക്കൽ, പടിഞ്ഞാറ്റിൻകര |
| 8 | മത്തച്ചൻ എം, വാടാന, കുമ്മണ്ണൂർ |
| 9 | ബേബികുര്യാക്കോസ്, ക്ലവക്കാല, വാകത്താനം |
| 10 | ഷാജി പി.കുര്യാക്കോസ്, പനയ്ക്കൽ, മണർകാട്. |
| 11 | ബാബു പി.കുര്യാക്കോസ്, പനയ്ക്കൽ, മണർകാട്. |
| 12 | എം.ഐ.ജോസ്, ഊരോട്ടുകാലായിൽ,മണർകാട്. |
| 13 | രാജു അബ്രഹാം,കളപ്പുരയ്ക്കൽ, മാലം |
| 14 | ജോമോൻ അബ്രഹാം, ചേരോലിയ്ക്കൽ, പടിഞ്ഞാറ്റിൻകര |
| 15 | ജോയി ഏലിയാസ്, കൊച്ചുമണിയംപടവത്ത്, നാലുന്നാക്കൽ, വാകത്താനം |
| 16 | അശോക് പി.എസ്, പുളിയ്ക്കംപറമ്പിൽ, അമയന്നൂർ |

മേല്പറഞ്ഞ വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 2-8 സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല

മണർകാട് ഗ്രാമപഞ്ചായത്തിൽ 1958-ലെ കേരള മണി ലെൻഡേഴ്സ് നിയമം പ്രകാരമുള്ള ലൈസൻസ് നേടി പ്രവർത്തിക്കുന്ന സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ 2015-16 വർഷം പഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു (ആധാരം-www.keralataxes.gov.in).

| ക്രമ നം. | ലൈസൻസ് നം. | സ്ഥാപനത്തിന്റെ പേരും വിലാസവും |
|---|---|---|
| 1 | 32050440628 | ജെ.എസ്. ഫിനാൻസിയേഴ്സ്, മണർകാട് |
| 2 | 32050413573 | ലോയൽ ബാങ്കേഴ്സ്, മറ്റക്കണ്ടത്തിൽ ബിൽഡിംഗ് , മണർകാട് |
| 3 | 32050451204 | വാരിക്കാട്ട് ബാങ്കേഴ്സ്, പീടിയേക്കൽബിൽഡിംഗ്, മണർകാട്. |

മേൽപറഞ്ഞ സ്ഥാപനങ്ങൾക്ക് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 205-ാം വകുപ്പ് പ്രകാരമുള്ള ടേൺ ഓവറിന് ആനുപാതികമായ തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ചുമത്താത്തതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിച്ചതായി കാണുന്നു. ഇവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 2-9 ഡി & ഒ ട്രേഡ് ലൈസൻസ് - പൊതു അപാകതകൾ

ഡി & ഒ ട്രേഡ് ലൈസൻസിനായി നൽകുന്ന അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ, ടെയ്ഡേഴ്സ് ലിസ്റ്റ്, ലൈസൻസ് ഫീസിനത്തിലുള്ള വരവ് എന്നിവ സംബന്ധിച്ചുള്ള പൊതു അപാകതകൾ താഴെ ചേർക്കുന്നു

1. ഡി & ഒ ട്രേഡ് ലൈസൻസിനായി 2015-16 വർഷം 359 അപേക്ഷകളാണ് ലഭിച്ചത്(ഡി & ഒ ട്രേഡ് ലൈസൻസ് രജിസ്റ്റർ പ്രകാരം). 2014-15ൽ 393 സ്ഥാപനങ്ങളിൽ നിന്നും 125000/- രൂപ ഈയിനത്തിൽ ലഭിച്ചപ്പോൾ 2015-16 വർഷം 103150/- രൂപ മാത്രമാണ് 171 സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ചത്. ലൈസൻസ് ഫീസിൽ 21850/- രൂപയുടെയും 34 സ്ഥാപനങ്ങളുടെയും കുറവുണ്ടായത് ലൈസൻസില്ലാതെ പഞ്ചായത്ത് പരിധിയിൽ വാണിജ്യ-വ്യവസായങ്ങൾ പ്രവർത്തിക്കുന്നതിന് തെളിവാണ്.

2. പഞ്ചായത്ത് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ ടെയ്ഡേഴ്സ് ലിസ്റ്റ് അപൂർണമാണ്. ലിസ്റ്റ് പ്രകാരം ടെയ്ഡേഴ്സിന്റെ ആകെ എണ്ണം 250 ആണ്. എല്ലാ ടെയ്ഡേഴ്സിന്റെ വിവരങ്ങൾ ഉൾപ്പെടുത്തി ലിസ്റ്റ് പൂർത്തിയാക്കേണ്ടതാണ്.
3. ഏതാനും ചില അപേക്ഷകളിൽ മാത്രമാണ് പൂർണ്ണമായ വിവരങ്ങളും ടെയ്ഡറുടെ ഒരു ദിവസെത്ത ശരാശരി വിറ്റുവരവും അനുബന്ധരേഖകളും ഉൾപ്പെടുത്തിയിട്ടുള്ളത്. മതിയായ അനുബന്ധരേഖകളില്ലാതെയും ലൈസൻസ് നൽകിയിട്ടുണ്ട്.
4. ഉയർന്നവിറ്റുവരവുള്ള പെട്രോൾ ബങ്കുകൾ, ജ്വവലറികൾ തുടങ്ങിയവയിൽ നിന്നും പരമാവധി ലൈസൻസ് ഫീസായ 4000/- രൂപ ഈടാക്കുന്നില്ല. അപേക്ഷയിലും സ്ഥലപരിശോധന റിപ്പോർട്ടിലും വിറ്റുവരവ് രേഖപ്പെടുത്തിയില്ല.
5. അപേക്ഷകളിൽ പഞ്ചായത്ത് ഉദ്യോഗസ്ഥൻ സ്ഥലപരിശോധന നടത്തി തയ്യാറാക്കിയ റിപ്പോർട്ടിൽ ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങളായ ശരാശരി വിറ്റുവരവ്, യന്ത്രസാമഗ്രികളുടെ കുതിരശക്തി തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.
6. ഡി.സി.ബി പത്രിക തയ്യാറാക്കാതെ ഡി.സി.ബി സംക്ഷിപ്തം മാത്രം തയ്യാറാക്കിയതിനാൽ കണക്കുകളുടെ കൃത്യത ഡിമാന്റ് രജിസ്റ്ററിൽ നിന്നും വിശകലനം ചെയ്യാൻ സാധിക്കുന്നില്ല. ലഭിച്ച ലൈസൻസ് ഫീസിന്റെ ആകെത്തുകതന്നെ ധനകാര്യ പത്രികയിൽ ഡിമാന്റ് നൽകിയതിനാൽ ഈയിനത്തിലുള്ള യഥാർത്ഥ ഡിമാന്റ് നിശ്ചയിക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് 1996-ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ഈ വിഷയത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-10 അബ്കാരി ഷാപ്പുകൾ ഡി & ഒ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

2015-16 വർഷം ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം അബ്കാരി ഷാപ്പുകൾ ലൈസൻസ് ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. 1996-ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം-3, 1-ാം പട്ടികയിലെ ഇനം 139 എന്നിവ പ്രകാരം അബ്കാരി ഷാപ്പുകൾക്ക് ഡി & ഒ ലൈസൻസ് നൽകേണ്ടതാണ്. ഉയർന്ന വിറ്റുവരവുള്ള ടി സ്ഥാപനങ്ങൾ നികുതി/ലൈസൻസ് പരിധിയിൽ ഉൾപ്പെടാത്തതിനാൽ ലൈസൻസ് ഫീസിനത്തിലും ടി സ്ഥാപനങ്ങളുടെയും അവിടെ തൊഴിൽ ചെയ്യുന്ന ജീവനക്കാരുടെയും തൊഴിൽ നികുതിയിനത്തിലും പഞ്ചായത്തിന് വരുമാന ചോർച്ച സംഭവിക്കുന്നു. ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതിനാൽ മേൽചട്ടങ്ങളുടെ ലംഘനവും സംഭവിക്കുന്നു. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ അബ്കാരി ഷാപ്പുകളുടെയും വിശദാംശങ്ങൾ ശേഖരിച്ച് ലിസ്റ്റ് തയ്യാറാക്കി ഡിമാന്റിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-11 പരസ്യ നികുതി ചുമത്തുന്നതിന് നടപടികൾ സ്വീകരിച്ചില്ല

മണർകാട് ടൗൺ, കോട്ടയം-കുമളി റോഡ്(എൻ.എച്ച്-220), മണർകാട്-കിടങ്ങൂർ റോഡ്, തീർത്ഥാടന കേന്ദ്രമായ മണർകാട് പള്ളിക്ക് സമീപമുള്ള പ്രദേശങ്ങൾ തുടങ്ങിയ പഞ്ചായത്തിലെ പ്രധാന സ്ഥലങ്ങളിൽ നിരവധി പരസ്യങ്ങൾ പ്രദർശിപ്പിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള പരസ്യങ്ങൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-209 പ്രകാരമുള്ള പരസ്യ നികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. പരസ്യ നികുതി ചുമത്തുന്നതിന് കുറഞ്ഞ നികുതി സംബന്ധിച്ച നിർദ്ദേശങ്ങൾ 25.07.2002 ലെ സ.ഉ.(പി).128/02/തസ്വഭവ ഉത്തരവിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വ്യവസ്ഥകൾ ചേർത്ത് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടെ ബൈ-ലോ തയ്യാറാക്കി പരസ്യ നികുതി ചുമത്തുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 2-12 സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 270(1) പ്രകാരം പഞ്ചായത്തിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തനമാരംഭിക്കാൻ പാടുള്ളതല്ല. 1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം-5(1) പ്രകാരം ഇത്തരം സ്ഥാപനങ്ങൾ ഓരോ സാമ്പത്തിക വർഷവും ആരംഭിക്കുന്നതിനു മുൻപായി രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്. പഞ്ചായത്തിൽ നിലവിലുള്ള ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

2015-16 വർഷം 10 സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്ത് 950/- രൂപ ഫീസ് ലഭിച്ചതായി രജിസ്ട്രേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ് 550/- രൂപയാണ്. മണർകാട് ടൗൺ പ്രദേശത്ത് ഓഡിറ്റ് ടീം കണ്ടതും രജിസ്റ്റർ പ്രകാരം മുൻവർഷങ്ങളിൽ രജിസ്റ്റർ ചെയ്യുകയും 2015-16 വർഷം രജിസ്ട്രേഷൻ പുതുക്കാത്തതുമായ ഏതാനും സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | മാതാ ക്ലിനിക്, മണർകാട് |

| | |
|---|---|
| 2 | ഡോ. പ്രവീൺസ് ഡെന്റൽ കോസ്മെറ്റിക് സെന്റർ, മണ്ണാർക്കാട് |
| 3 | ഇൻസൈറ്റ് ഒപ്റ്റീഷ്യൻസ് & ഐ ക്ലിനിക്, മണ്ണാർക്കാട് |
| 4 | ഇന്ദീവരം ആയുർവേദ ഹോസ്പിറ്റൽ & ഐ ക്ലിനിക്, മണ്ണാർക്കാട് |
| 5 | കോസ്മോപൊളിറ്റൻ ഡെന്റൽ ക്ലിനിക്, മണ്ണാർക്കാട് |
| 6 | ജീവൻ ധന ആയുർവേദിക് ക്ലിനിക്, മണ്ണാർക്കാട് |
| 7 | റൂത്ത് അഫയേഴ്സ് ഡെന്റൽ ഓഫീസ്, ഐരാറ്റുനട |
| 8 | ചെറിയാൻ ആശ്രമം ഹൊളിസ്റ്റിക് സെന്റർ |
| 9 | കെയർവെൽ ക്ലിനിക്-മണ്ണാർക്കാട് |
| 10 | ആയുർമഠം സിദ്ധ ഗുരു പരമ്പരാഗത ചികിത്സാലയം |
| 11 | ബയോ റിസേർച്ച് ഡയഗ്നോസ്റ്റിക്, മണ്ണാർക്കാട് |
| 12 | ക്രൗൺ ഇന്റൽ ഡെന്റൽ ലാബ്, മണ്ണാർക്കാട് |
| 13 | ദീപ്തി നേഴ്സിംഗ് ഹോം, അരീപ്പറമ്പ് |

രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമനടപടി സ്വീകരിച്ചതായി കാണുന്നില്ല(മേൽ നിയമം വകുപ്പ്-270എ, ചട്ടം-8 എന്നിവ പ്രകാരം). ഈ വിഷയത്തിൽ നടപടി സ്വീകരിക്കാത്തതിനാൽ നിയമലംഘനവും പഞ്ചായത്തിന് റവന്യൂ നഷ്ടവും ഉണ്ടാകുന്നു എന്ന വസ്തുത ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ(നം.13/02.11.2016) സെക്രട്ടറിയെ അറിയിച്ചിരുന്നു. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. എല്ലാ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യുകയും എല്ലാ സാമ്പത്തികവർഷവും രജിസ്ട്രേഷൻ പുതുക്കുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

## 2-13 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 266-ാം വകുപ്പ്, 1999-ലെ കേരള പഞ്ചായത്ത് രാജ്(ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം-3 എന്നിവയനുസരിച്ച് പഞ്ചായത്ത് പരിധിയിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് മുൻകൂർ രജിസ്ട്രേഷൻ ആവശ്യമാണ്. മേൽ ചട്ടം-5 പ്രകാരം ടി സ്ഥാപനങ്ങൾ എല്ലാ സാമ്പത്തിക വർഷാരംഭത്തിനു മുമ്പ് രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. എന്നാൽ 2015-16 ഒരു സ്ഥാപനവും രജിസ്റ്റർ ചെയ്തതായി രേഖയില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ 200/- രൂപ ലഭിച്ചതായി കാണുന്നു (സാംഖ്യ കണക്ക് ശീർഷകം-140100103). 2015-16 വർഷം പഞ്ചായത്ത് പരിധിയിലുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ ലിസ്റ്റ്, രജിസ്റ്റർ എന്നിവ നിലവിലില്ല. സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യാതെ പ്രസ്തുത കണക്ക് ശീർഷകത്തിൽ അക്കൗണ്ട് ചെയ്തത് അക്കൗണ്ടിങ്ങിലെ അപാകത വ്യക്തമാക്കുന്നു. ഓഡിറ്റ് ടീമിന്റെ അന്വേഷണത്തിൽ ശ്രദ്ധയിൽപ്പെട്ട ഏതാനും സ്ഥാപനങ്ങളുടെ പേരുവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | എലൈറ്റ് അക്കാഡമി, മണ്ണാർക്കാട് |
| 2 | റാപ്പിഡ് സൊലൂഷൻസ് ട്യൂഷൻ സെന്റർ, മണ്ണാർക്കാട് |
| 3 | ഷാലോം ചെസ് ട്രെയ്നിംഗ് അരീന, മണ്ണാർക്കാട് |
| 4 | ജോബ് ടെക്ക് കമ്പ്യൂട്ടർ ട്രെയ്നിംഗ് സെന്റർ, മണ്ണാർക്കാട് |
| 5 | എക്സൽ എൻട്രൻസ് കോച്ചിങ്ങ്, മണ്ണാർക്കാട് |
| 6 | സ്പെക്ട്രം സ്കൂൾ ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, മണ്ണാർക്കാട് |
| 7 | വിന്നേഴ്സ് അക്കാഡമി ട്യൂഷൻ സെന്റർ, കാവുംപടി-മണ്ണാർക്കാട് |

ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നതിനാൽ നിയമലംഘനവും പഞ്ചായത്തിന് വരുമാന നഷ്ടവും ഉണ്ടാകുന്നു. ടി സ്ഥാപനങ്ങളും അവിടെ തൊഴിൽ ചെയ്യുന്ന ജീവനക്കാരുടെയും തൊഴിൽ നികുതിയിലുള്ള നഷ്ടവുമുണ്ടാകുന്നു. വിശദാംശങ്ങൾ ഉൾപ്പെടുത്തി സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/02.11.2016) മറുപടി ലഭിച്ചില്ല. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി രജിസ്ട്രേഷൻ നടത്തുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഇന്റർ ലോക്കിംഗ് ടൈൽസ് പാകുന്ന പ്രവൃത്തിക്ക് അധിക നിരക്ക് നൽകി - പഞ്ചായത്ത് ഫണ്ടിന് 8392 രൂപയുടെ നഷ്ടം

2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി ഇന്റർ ലോക്കിംഗ് കോൺക്രീറ്റ് ടൈലുകൾ പാകുന്ന പ്രവൃത്തിക്ക് തെറ്റായ നിരീക്ഷണ ഡാറ്റയുടെ അടിസ്ഥാനത്തിൽ ച.മീറ്ററിന് 1009 രൂപ നിരക്കിൽ പ്രതിഫലം നല്കിയിട്ടുണ്ട്. ഈ ഇനം പ്രവൃത്തിക്ക് അർഹമായ നിരക്ക് 829 രൂപയാണ്. ഡാറ്റ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| | Materials | | |
| 0.10 m3 | Supply of 6 mm chips @ 700/m3 | Rs. | 70.00 |
| 0.10 m3 | -do- conveyance @ 218/m3 | Rs. | 21.80 |
| 1.05 m2 | 75mm thick interlock blocks @500/m2 | Rs. | 525.00 |
| 0.075 m3 | -do- conveyance @ 218/m3 | Rs. | 16.35 |
| | Labour | | |
| 0.25 Nos. | Mason @ 471/E | Rs. | 117.75 |
| 0.10 Nos. | Spl.Mazdoor @ 408/E | Rs. | 40.80 |
| 0.10 Nos. | Man mazdoor @ 377/E | Rs. | 37.70 |
| | Total | Rs. | 829.40 |
| | Add C.P. 10% | Rs. | 82.94 |
| | Add O.H. 5% | Rs. | 41.47 |
| | Grand Total | Rs. | 953.81 |

Say Rs. 829/m2 (Without CP)

Say Rs.954/m2 (With CP)

അർഹമായതിൽ അധികം നിരക്ക് നൽകിയ ഇനത്തിൽ ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിവരം | ഇനം നം. | പ്രതിഫലം നൽകിയ അളവ്/ നിരക്ക്/ തുക | അർഹമായ നിരക്ക് തുക | അധികം നൽകിയത് |
|---|---|---|---|---|
| അങ്കണവാടികളുടെ പുനരുദ്ധാരണം പ്രോജക്ട് നം. - S190/16<br>അടങ്കൽ - 552800 (MG-NR)<br>കൺവീനർ - രാജമ്മ പി. എൻ<br>ചെലവ് - 466649<br>ബിൽ നം./തീ. - 5/AE/LSGD /MNKD/2015-16/28.07.2015<br>എം.ബുക്ക് നം. - 36/2014-15 | 6,8 | 46.57 m2 @ 1009/m2<br>= 46999<br>അങ്കണവാടി നം.159- 27.58m2 അങ്കണവാടി നം.173- 19 m2 | 46.57 m2@ 829/m2<br>= 38607 | 8392 |

മേൽ പറഞ്ഞ പ്രകാരം അധികം നൽകിയ തുക-8392/- പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽനിന്നും ഈടാക്കേണ്ടതാണ്.

## 3-2 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി റോഡ് കോൺക്രീറ്റിംഗ് നടത്തി

2015-16 വർഷം നടപ്പിലാക്കിയ റോഡ് പുനരുദ്ധാരണ പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ നിലവിലുള്ള റോഡുകളുടെ സംരക്ഷണത്തിന് സർക്കാർ അനുവദിച്ച റോഡ് മെയിന്റനൻസ് ഗ്രാന്റ് വ്യാപകമായി വകമാറ്റി റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് ചെലവഴിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് റോഡുകളുടെ അറ്റകുറ്റപ്പണിയാണ് നടത്തേണ്ടത്. അറ്റകുറ്റപ്പണികളിൽ ഉൾപ്പെടുത്തി ഏറ്റെടുക്കാവുന്ന പണികളെക്കുറിച്ച് വിശദമായ ഉത്തരവുകൾ നിലവിലുണ്ട്. തദ്ദേശഭരണ സ്ഥാപനത്തിന് കൈമാറിയ റോഡുകളുടെ അറ്റകുറ്റപണികൾ നടത്തിയതിനുശേഷവും റോഡ് മെയിന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മാത്രം മെറ്റലിംഗ്, ടാറിംഗ് കോൺക്രീറ്റിംഗ് തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കാവുന്നതാണ്. എന്നാൽ തദ്ദേശഭരണ സ്ഥാപനത്തിന് കൈമാറിക്കിട്ടിയ റോഡുകളിലൊന്നും അറ്റകുറ്റപ്പണികൾ ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായ തീരുമാനം എടുത്തശേഷമായിരിക്കണം മെയിന്റനൻസ് ഫണ്ട് പുതിയ നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കാൻ (സർക്കുലർ നം. 68228/എഫ്.എം.1/2012/ ത.സ്വ.ഭ.വ., തീ.28.11.12). കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ 01.12.07-ലെ 64952/ഡി.എ.1/07/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് നടപ്പിലാക്കുന്ന റോഡ് അറ്റകുറ്റപ്പണികളിൽ ആവശ്യമായ ഓട നിർമ്മാണം, ചപ്പാത്ത് നിർമ്മാണം, ഗ്രാവൽ മണ്ണ് ഉപയോഗിച്ച് ഉപരിതലം നിരപ്പാക്കൽ എന്നിവ ഉൾപ്പടുത്താതെയുള്ളതും ചെറിയ നീളത്തിൽ കോൺക്രീറ്റ് ചെയ്യുന്നതുമായ പ്രോജക്ടുകൾക്ക് അംഗീകാരം നൽകാൻ പാടില്ലെന്നും നിഷ്കർഷിച്ചിരുന്നു.

എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കാതെയാണ് താഴെ പറയുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് മെയിന്റനൻസ് ഗ്രാന്റ് ചെലവഴിച്ചിട്ടുള്ളത്.

| ക്രമ നം. | പ്രോ.നം. | പ്രവൃത്തിയുടെ പേര് | വകയിരുത്തിയ മെയിന്റനൻസ് ഗ്രാന്റ് | ചെലവഴിച്ച തുക | ചെലവിന്റെ വിവരം |
|---|---|---|---|---|---|
| 1 | 21/16 | രാജീവ് ഗാന്ധി-പറപ്പള്ളിക്കുന്ന് കോളനി റോഡ് | 160000 | 160000 | 32/15-16 19.2.16 |
| 2 | 22/16 | തൈയിൽ പടി ഇല്ലത്തുപടി റോഡ് കോൺക്രീറ്റിംഗ് | 113000 | 102104 | 75/15-16 28.3.16 |
| 3 | 27/16 | കൊല്ലക്കുന്നേൽപടി പാണപ്പറമ്പിൽ റോഡ് കോൺക്രീറ്റിംഗ് | 132094 | 112044` | 26/15-16 19.1.16 |
| 4 | 28/16 | പൊക്കണാംമറ്റം-സ്കൂൾ റോഡ് കോൺക്രീറ്റിംഗ് | 210000 | 204817 | 49/15-16 15.3.16 |
| 5 | 32/16 | വാകത്താംകുന്ന് മരോട്ടിപ്പുഴ റോഡ് കോൺക്രീറ്റിംഗ് | 147000 | 98376<br>48311 | 27/15-16 18.2.16<br>28/15-16 18.2.16 |
| 6 | 33/16 | പാത്തക്കാപ്പള്ളി തോട്ടപ്പള്ളി റോഡ് കോൺക്രീറ്റിംഗ് | 49000 | 48825 | 26/15-16 18.2.16 |
| 7 | 47/16 | കാരയ്ക്കാട്ടുപടി പള്ളിക്കുന്ന് റോഡ് കോൺക്രീറ്റിംഗ് | 100000 | 90921 | 43/15-16 15.3.16 |
| 8 | 46/16 | പാറേമോലിപ്പടി ഉരുളൻമലക്കുന്ന്റോഡ് കോൺക്രീറ്റിംഗ് | 113294 | 86501 | 82/15-16 31.3.16 |
| 9 | 54/16 | വടക്കൻമണ്ണൂർ കുരിശ് ആലത്തോട്ടുപടി | 136500 | 135458 | 29/15-16 19.2.16 |
| 10 | 56/16 | കരിശ്ശുംതൊട്ടി കാലായിപ്പടി റോഡ് | 50000 | 49712 | 15/15-16 15.10.15 |
| 11 | 80/16 | കിഴക്കേടത്തുപടി ചക്കുംപുഴിക്കുന്ന് | 229770 | 63493 | 21/15-16 19.12.15 |
| 12 | 92/16 | കുന്നേൽപ്പടി പാലത്തിങ്കൽപ്പടി | 100000 | 99410 | 60/15-16 21.3.16 |
| 13 | 95/16 | ശങ്കരശ്ശേരിൽപുത്തൻപുരയ്ക്കൽ നടപ്പാത | 113294 | 111458 | 46/15-16 15.3.16 |
| 14 | 142/16 | കല്ലുപുര റോഡ് | 100000 | 99796 | 16/15-16 13.10.15 |
| 15 | 155/16 | കുറ്റിക്കാട്ടുപടി പാലത്താനം | 400000 | 289651 | 47/15-16 15.3.16 |
| 16 | 245/16 | വാഴപത്ര റോഡ് | 100000 | 99765 | 78/15-16. 31.3.16 |
| 17 | 246/16 | മറ്റത്തിൽപ്പടി ഈഴച്ചേരിൽ | 355294 | 354490 | 68/15-16 28.3.16 |
| | | ആകെ | | 2255132 | |

മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 2255132രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-3 സിഎഫ്എൽ ബൾബ്, അനുബന്ധഉപകരണങ്ങൾ വാങ്ങൽ-അപാകതകൾ

| ക്രമ നം.1 | | ക്രമ നം. 2 | |
|---|---|---|---|
| പ്രോജക്ട് നം.എസ്.237/1<br>സിഎഫ്എൽ ബൾബ് വാങ്ങൽ | | പ്രോജക്ട് നം.എസ്.37/16<br>സിഎഫ്എൽ ബൾബ് വാങ്ങൽ(വാർഡ്-11) | |
| അടങ്കൽ | ചെലവ് | അടങ്കൽ | ചെലവ് |
| തനതുഫണ്ട്- 85000 | 82896- | കേന്ദ്രാവിഷ്കൃതം-20328- | 19968- |
| | ചെക്ക്നം. 389465/29-12-15 | | ചെക്ക്നം.237612/29-12-15 |

ക്രമ നം 1 പ്രകാരം 16 കോയിൽ അലുമിനിയം വയർ ഉൾപ്പെടെ 18/20വാട്ട് സി എഫ് എൽ ബൾബുകൾ 288 എണ്ണവും, ക്രമ നം 2 പ്രകാരം 67 പെൻഡന്റ് ഹോൾഡറുകൾ ഉൾപ്പെടെ 75 സി എഫ് എൽ ബൾബുകളും കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽസിൽ നിന്നും (363 (288+75) സിഎഫ്എൽ ബൾബുകൾ ഹോൾഡറുകളും വയറുമുൾപ്പെടെ) വാങ്ങിയിട്ടുണ്ട്. വാങ്ങിയ ലൈറ്റുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും 17 വാർഡുകളിലെ മെമ്പർമാർ ബൾബുകൾ (18x16+75x1) വീതിച്ചെടുക്കുകയാണ് ചെയ്തിരിക്കുന്നത്. അവ സ്ഥാപിച്ചതിന്റെ വിശദാംശങ്ങൾ ഇല്ല. മാത്രമല്ല, പഞ്ചായത്ത് ഡയറക്ടറുടെ G2-44274/2015/17-8-15 നം സർക്കുലറിലെ മാർഗ്ഗനിർദ്ദേശങ്ങളിൽ സൂചിപ്പിക്കും പ്രകാരമുള്ള തെരുവുവിളക്ക് മെയിന്റനൻസ് രജിസ്റ്റർ, രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ്, സ്റ്റോക്ക് ഇൻ, സ്റ്റോക്ക്ഔട്ട് രജിസ്റ്ററുകളും സൂക്ഷിക്കുന്നില്ല. ബൾബുകൾ വാങ്ങുന്നതിനുമുമ്പ് കെ.എസ്.ഇ.ബിയിൽ നിന്നും ക്ലിയറൻസ് വാങ്ങുകയോ സൂപ്പർവിഷൻ ചാർജ്ജ് നൽകുകയോ ചെയ്തിട്ടില്ല. ഇക്കാരണങ്ങളാൽ ആകെ ചെലവു തുക 102864/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 ഭവനനിർമ്മാണം പൂർത്തിയാക്കാത്തത്

2015-16 വർഷത്തെ ജവഹർലാൽ നെഹ്റു പാർപ്പിടപദ്ധതിയിൽപ്പെട്ട ( പ്രോജക്ട് നം. 0066/16 ) ചുവടെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാനവശേഷിക്കുന്നു. ഈ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ. നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ഡി.ഡി.നം/തീയതി |
|---|---|---|---|
| 1 | രവി.എം.എം, മാന്താനത്തിൽ വീട്, മണർകാട് | 20000/-<br>60000/- | 058282/25-2-16<br>059020/18-3-16 |
| 2 | ഷാജി.പി.വി, പൊടിമറ്റത്തിൽ, അരീപ്പറമ്പ് | 20000/-<br>62000/- | 058795/15-3-16<br>061235/26-4-16 |
| 3 | മായാരാജേഷ്, ഇട്ട്യാതിപ്പറമ്പിൽ, മാലം | 20000/-<br>41269/-<br>19704/- | 058797/15-3-16<br>060686/8-4-16<br>061239/26-4-16 |
| 4 | സലിംകുമാർ, മണ്ണൂപ്പറമ്പിൽ, തിരുവഞ്ചൂർ | 20000/-<br>37735/-<br>22265/- | 059022/18-3-16<br>060661/5-4-16<br>061237/25-4-16 |
| 5 | വിജയൻ. ടി.ആർ, അമലക്കുന്നേൽ, മണർകാട് | 20000/-<br>60000/- | 059476/28-3-16<br>061238/26-4-16 |

## 3-5 പൊതു ടാപ്പുകളുടെ വെള്ളക്കരം- വാർഷിക ബാദ്ധ്യത 11.4 ലക്ഷം രൂപ

പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 94938 രൂപയാണ് വാട്ടർ അതോറിറ്റിയിൽ (KWA) ഒടുക്കുന്നത് (വർഷം- 1139256/- രൂപ). ഒരു ടാപ്പിന് പ്രതിവർഷം 5250 രൂപ നിരക്കിൽ 217 ടാപ്പുകളുടെ തുകയാണിത്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് 05.07.2016-ന് സംയുക്ത പരിശോധന നടത്തി ആകെയുള്ള 217 വാട്ടർ ടാപ്പുകളിൽ 163 എണ്ണം പ്രവർത്തനക്ഷമമാണന്ന് നിജപ്പെടുത്തിയിരുന്നു (KWA യുടെ 17.10.2016 ലെ PHSD/K/Revenue/15 നം. കത്ത്). ഇതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത്

കമ്മിറ്റി തീരുമാനം എടുക്കുകയോ തുടർനടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. കൂടാതെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി - സബ്സിഡിയും അനുബന്ധ വിഷയങ്ങളും- പരിഷ്കരിച്ച മാർഗരേഖ സംബന്ധിച്ച 16.11.2013 ലെ ജി.ഒ.(എം.എസ്.) 362/2013/ ത.സ്വ.ഭ.വ. നം ഉത്തരവിൽ, ഹൗസ് കണക്ഷൻ പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൈപ്പ് ലൈനിൽ നിന്നും ഹൗസ് കണക്ഷൻ എടുക്കുന്നതിനുള്ള പ്രവൃത്തി ചെയ്തിട്ടുണ്ടെന്നുമുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് സബ്സിഡിക്ക് അർഹതയുള്ളവർക്ക് അനുവദനീയമായ സബ്സിഡി (പൊതുവിഭാഗത്തിന് 4000 രൂപയും പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിന് 6000 രൂപയും) നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇതു പ്രകാരം ഗാർഹിക കുടിവെള്ള കണക്ഷനുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-6 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

2015-16 വർഷം നടപ്പിലാക്കിയ ചുവടെ കൊടുത്തിട്ടുള്ള പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

| ക്രമ നം. | പ്രോജക്ടിന്റെ നം./പേര് | ചെലവ് | (ഡി.ഡി നം./ തീയതി) | കൈപ്പറ്റിയ വ്യക്തി/ സ്ഥാപനം | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | എസ്.ഒ. 11/15-16 കന്നുകുട്ടി പരിപാലനം | പ്ലാൻ ഫണ്ട്- 200000/- | (056408 /1.10.2015) | അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കോട്ടയം | വെറ്ററിനറി സർജൻ |
| 2 | എസ്.ഒ. 62/15-16 തെരുവുനായ്ക്കളുടെ നിയന്ത്രണം | റോഡിതരം- 50000/- തനത് ഫണ്ട്- 150000/- ആകെ 200000/- | 1)056410/ 1.10.15 2)056409/ 1.10.15 ആകെ- 200000/- | സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കോട്ടയം. | വെറ്ററിനറി സർജൻ |
| 3 | എസ്.ഒ.02/15-16 എസ്.എസ്.എ വിഹിതം | പ്ലാൻ ഫണ്ട്- 500000/- | 056022/ 25.9.15 | പ്രോജക്ട് ഓഫീസർ, എസ്.എസ്.എ, കോട്ടയം | എച്ച്.എം. |
| 4 | വെറ്ററിനറി ഡിസ്പെൻസറി വയറിംഗ് | 8210 | 390269/22.01.16 | കെ.എസ്.ഇ.ബി. | സെക്രട്ടറി |
| 5 | 15-ാം നമ്പർ അങ്കൻവാടി വയറിംഗ് | 2550 | 390297/22.02.16 | " | " |
| 6 | ലൈൻ നീട്ടൽ | 60645 | 11/15-16 /25.07.15 | " | " |
| 7 | ലൈൻ നീട്ടൽ | 123490 | 12/15-16 /25.07.15 | " | " |
| 8 | പോസ്റ്റ് മാറ്റൽ | 10904 | 10/15-16 /21.07.15 | " | " |
| 9 | മൃഗാശുപത്രിയ്ക്ക് കുഴൽ കിണൽ | 89161 | 6/15-16/21.07.15 | ഭൂജല വകുപ്പ്, കോട്ടയം | " |

മേല്പറഞ്ഞ പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരേയ്ക്കും 11,94,960/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 പൈപ്പ് കമ്പോസ്റ്റ് പദ്ധതി- അപാകതകൾ

പ്രോജക്ട് നം.എസ്.0180/16

നിർവ്വഹണോദ്യോഗസ്ഥൻ- വി. ഇ.ഒ

| അടങ്കൽ | | ചെലവ് | ബിൽ നം/ഡി.ഡി. നം.തുക |
|---|---|---|---|
| വികസനഫണ്ട് | 18900 | 18900 | 1) 060473/02.04.16 തുക 126/-<br>2) 061232/26.04.16-തുക-18744/-<br>3) 061259/27.04.16-തുക-94019/-<br>4) 061258/27.04.16-തുക 13410/-<br>5) 060079/31.03.16-തുക 721/- |
| സംസ്ഥാനാവിഷ്കൃതം | 325350 | 94650 | |
| ഗുണ. വിഹിതം | 43380 | 13500 | |
| ആകെ | 387630 | 127050 | |

മേൽ പദ്ധതിയിൽ കോട്ടയം റെയ്ഡ്കോ യിൽ നിന്നും പൈപ്പ് കമ്പോസ്റ്റിനാവശ്യമായ പൈപ്പ് വാങ്ങി 150 പേർക്ക് നൽകുകയാണ് ചെയ്തിരിക്കുന്നത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.റെയ്ഡ്കോയിൽ നിന്നും വാങ്ങിയതിന്റെ വിശദാംശങ്ങൾ ഉണ്ടെങ്കിലും 150 പേർക്ക് നല്കിയതിന്റെയും, സ്ഥാപിച്ചതിന്റെയും രേഖകൾ ഇല്ല.

2.പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല.

3.151 പേർ ഗുണഭോക്തൃവിഹിതം (90/- നിരക്കിൽ) അടച്ചിട്ടുണ്ടെങ്കിലും 150 പേർക്കായാണ് പദ്ധതി നടപ്പാക്കിയത്. ഒരാളുടെ ഗുണഭോക്തൃ വിഹിതം തിരികെ നൽകിയോ എന്നത് വ്യക്തമല്ല.

4.പദ്ധതി നടത്തിപ്പിനായി 8-ാം വാർഡിലെ 486 ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ഒരു വാർഡിനു മാത്രമായി പ്രോജക്ട് നടപ്പാക്കിയതിന്റെ മാനദണ്ഡം വ്യക്തമല്ല.

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയുമില്ല. ആയതിനാൽ പദ്ധതിയ്ക്കായി ചെലവഴിച്ച 127050/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 ആശ്രയ

സമൂഹത്തിലെ അഗതികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി ആവിഷ്കരിച്ച ആശ്രയ പദ്ധതി ഗ്രാമപഞ്ചായത്തിൽ ഫലപ്രദമായി നടപ്പിലായില്ല. പദ്ധതിയുടെ നടത്തിപ്പ് കേവലം ഭക്ഷണ വിതരണത്തിൽ പരിമിതപ്പെട്ടു.

ഒന്നാം ഘട്ടം

ഗ്രാമപഞ്ചായത്തിലെ 68 അഗതി കുടുബങ്ങളെ ഉൾപ്പെടുത്തി 2007-09 കാലയളവിലേയ്ക്ക് ആവിഷ്കരിച്ച 4283500/- രൂപയുടെ തുടർപ്രവർത്തനങ്ങളാണ് ഓഡിറ്റ് വർഷവും നടന്നിട്ടുള്ളത്. പഞ്ചായത്ത് കമ്മിറ്റിയുടെ 13-4-10 ലെ 3(8) നം തീരുമാനപ്രകാരം ഈ പദ്ധതി പുനപരിശോധനയ്ക്ക് ശേഷം 2010-11 വർഷം മുതൽ അടങ്കൽ തുക പുതുക്കി ക്രമീകരിച്ചിട്ടുണ്ട്.

പദ്ധതിവിഹിതം - 4889300/-

ചലഞ്ച് ഫണ്ട്- 553240/-

ആകെ- 5443240/-

ഭക്ഷണവിതരണത്തിനായി ചെലവഴിച്ച 13892/- രൂപയുടെ മാത്രമാണ് തൻവർഷത്തെ ചെലവ്. ആശ്രയ പദ്ധതിയുടെ നാളിതുവരെയുള്ള ചെലവുവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ഗുണഭോക്താക്കളുടെ എണ്ണം | വകയിരുത്തിയ തുക | | ചെലവ് തുക |
|---|---|---|---|---|---|
| | | | പദ്ധതിവിഹിതം | ചലഞ്ച്ഫണ്ട് | |
| 1 | ഭവന പുനരുദ്ധാരണം | 15 | 182500 | | 112500 |
| 2 | കിണർ / കുടിവെള്ളം | 7 | 135000 | 45000 | 28000 |
| 3 | കക്കൂസ് നിർമ്മാണം | 8 | 102500 | 32500 | 20000 |

| | | | | | |
|---|---|---|---|---|---|
| 4 | ചികിത്സ | 2 | | 262000 | 5029 |
| 5 | സ്ഥലം വാങ്ങൽ | 2 | 570000 | | 60000 |
| 6 | ഭക്ഷണം | 68 | | 265500 | 313879 |
| 7 | ഭവനനിർമ്മാണം | 22 | 2375000 | | 1060000 |
| 8 | വൈദ്യുതി | 5 | 4000 | 35000 | 5000 |
| 9 | വിദ്യാഭ്യാസം | | 87000 | | |
| 10 | വിവാഹം | 3 | | 50000 | 15000 |
| 11 | മറ്റുള്ളവ | | | 200000 | 51198 |

കാനറാബാങ്കിന്റെ മണർകാട് ശാഖയിലുള്ള ആശ്രയപദ്ധതിയുടെ അക്കൗണ്ടിൽ 3797329/- നീക്കിയിരിപ്പുണ്ട്. ടി തുകയിൽ 1998000/- പദ്ധതിവിഹിതമിനത്തിൽ ലഭിച്ച തുകയാണ്. പ്രോജക്ട് പ്രകാരമുള്ള ധനസഹായങ്ങളിൽ ബ്ലോക്ക് വിഹിതം ഒഴികെയുള്ളത് പൂർണ്ണമായും ലഭ്യമായിരുന്നിട്ടും പ്രോജക്ട് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. വിദ്യാഭ്യാസം, വസ്ത്രം എന്നീയിനങ്ങളിൽ തുക വകയിരുത്തിയിരുന്നെങ്കിലും ചെലവഴിച്ചിട്ടില്ല. ലഭ്യമായ തുകയുടെ 39% മാത്രമാണ് നാളിതുവരെയുള്ള ചെലവ്. 09-10 മുതൽ 15-16 വരെ പദ്ധതിവിഹിതത്തിൽനിന്നും തുകയൊന്നും വകയിരുത്തിയിട്ടില്ല. 12ാം പഞ്ചവത്സര മാർഗ്ഗരേഖയിൽ വികസനഫണ്ടിൽ നിന്നുള്ള നിർബന്ധിത വകയിരുത്തലിൽ ആശ്രയ പദ്ധതിയും ഉൾപ്പെടുന്നു.ആശ്രയ പദ്ധതിയുടെ നടത്തിപ്പിന്റെ മേൽനോട്ടം കാലാകാലങ്ങളിൽ നടന്നിട്ടില്ല എന്നതും വാർഷികപദ്ധതിയിൽ വികസനഫണ്ട് വകയിരുത്താത്തതും ടി പദ്ധതിയോടുള്ള പഞ്ചായത്ത് അധികൃതരുടെ ഉദാസീനതയാണ് വ്യക്തമാക്കുന്നത്. തുടർപ്രോജക്ട് തയ്യാറാക്കുന്നതിനും പുതിയ ഗുണഭോക്താക്കളെ കണ്ടെത്തി 2-ാം ഘട്ട പദ്ധതി രൂപീകരിക്കുന്നതിനും ആശ്രയ പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 സർവ്വശിക്ഷാ അഭിയാൻ - പദ്ധതി അപാകത

2015-16 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ എൽ.പി.സ്കൂളുകളുടെ സമഗ്രവികസനത്തിനായി എസ്.എസ്.എയ്ക്ക് നൽകിയ 5 ലക്ഷം രൂപ (പ്രൊ.നം.2/16) മൊത്തമായും വിനിയോഗിച്ചു എന്ന റിപ്പോർട്ടാണ് എസ്.എസ്.എ അധികൃതർക്ക് നിർവ്വഹണോദ്യോഗസ്ഥനായ ഗവ.യു.പി.സ്കൂൾ എച്ച്.എം. തയ്യാറാക്കി നൽകിയ വിനിയോഗ സർട്ടിഫിക്കറ്റാണ് ലഭ്യമാക്കിയത്. പ്രോജക്ട് റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ള എല്ലാ പ്രവൃത്തികളും ഗ്രാമപഞ്ചായത്തിലെ ബന്ധപ്പെട്ട സ്കൂളുകളിൽ നടപ്പാക്കി എന്ന് ഉറപ്പാക്കാൻ ഈ വിനിയോഗ സാക്ഷ്യപത്രപ്രകാരം സാദ്ധ്യമല്ല. ആയതിനാൽ ഏതെല്ലാം ഇനത്തിലാണ് തുക ചെലവഴിച്ചതെന്ന കൃത്യമായ വിവരം പണം നൽകിയ ഏജൻസി എന്ന നിലയ്ക്ക് എസ്.എസ്.എ. ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതാണ്. കൂടാതെ ഇനം തിരിച്ചുള്ള വിനിയോഗ വിവരം ലഭ്യമാക്കാൻ എസ്.എസ്.എ യിൽ നിന്ന് വിനിയോഗ വിവരം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-10 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി

2015-16 സാമ്പത്തികവർഷം 1923 പേർക്ക് തൊഴിൽ കാർഡ് ലഭിച്ചു. തൊഴിൽ ഡിമാന്റ് ചെയ്ത 940 കുടുംബങ്ങളാണ് ഉണ്ടായിരുന്നത്. ലേബർ ബഡ്ജറ്റ് പ്രകാരം 112 പദ്ധതികൾ വിഭാവനം ചെയ്തതിൽ 103 പദ്ധതികൾക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 69 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ഐ.എ.വൈ വീട്ടു നിർമ്മാണം, നെഹ്റു വീട്ടു നിർമ്മാണം, വനവത്ക്കരണം, പുരയിടം നന്നാക്കൽ, തോടു വൃത്തിയാക്കൽ എന്നിവയാണ് നടപ്പിലാക്കിയ പ്രവർത്തികൾ. ടി പദ്ധതിയ്ക്കായി 3180386/- രൂപയുടെ വരവും 3178671/- രൂപയുടെ ചെലവും ഉണ്ടായിട്ടുണ്ട്. ആസ്തികളുടെ രൂപീകരണത്തിനുതകുന്ന പ്രോജക്ടുകളും തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്.

## 3-11 മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളിൽനിന്നും ഈടാക്കിയ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഒടുക്കു വരുത്തിയതിന് രേഖയില്ല

എൽ.എസ്.ജി.ഡി. അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളിൽനിന്നും ഈടാക്കിയ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ക്ഷേമനിധി ബോർഡിൽ ലഭിച്ചിട്ടുള്ളതിന്റെ ഔദ്യോഗിക കൈപ്പറ്റ് രസീത് ലഭിച്ചിട്ടില്ല.

| വർഷം | പ്രവൃത്തികളുടെ എണ്ണം | തുക |
|---|---|---|
| 2013-14 | 104 | 157810/- |
| 2014-15 | 90 | 166064/- |
| 2015-16 | 98 | 177619/- |

ക്ഷേമനിധി വിഹിതം ഒടുക്കിയതിന്റെ രസീതികൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഈ ഇനത്തിലുള്ള ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നതും തുടർനടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

ഇല്ല

### 4-2 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക (രൂപ) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| കെ.എസ്.ഇ.ബി | വെറ്ററിനറി ഡിസ്പെൻസറി വയറിംഗ് | 390269/22.1.16 | 8210 | പൂർത്തീകരിണ വിവരം ലഭ്യമല്ല |
| കെ.എസ്.ഇ.ബി | 156ാം നമ്പർ അങ്കണവാടി വയറിംഗ് | 390297/22.2.16 | 2550 | " |
| കെ.എസ്.ഇ.ബി, മണർകാട് | ലൈൻ നീട്ടൽ | 11/15-16/25.07.15 | 60645 | " |
| കെ.എസ്.ഇ.ബി, അയർക്കുന്നം | ലൈൻ നീട്ടൽ | 12/15-16/25.07.15 | 123490 | " |
| കെ.എസ്.ഇ.ബി, മണർകാട് | പോസ്റ്റ്മാറ്റൽ | 10/15-16/21.07.15 | 10904 | " |
| ഭൂജലവകുപ്പ്, കോട്ടയം | മൃഗാശുപത്രിയ്ക്ക് കുഴൽകിണർ | 6/15-16/21.07.15 | 89161 | " |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

### 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1211676 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| പലിശ | 70239 |
| ആകെ | 1281915 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിയ്ക്കുന്ന സ്ഥിരനിക്ഷേപം | 1281915 |

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

### 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | 3-6 | 2010-11 | 2-14 | ഡെപ്പോസിറ്റ് വർക്ക് | ലഭ്യമല്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് ഉക ഉൾപ്പടെ) റസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | 59078082.15 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 49973117.50 |
| വരവിനങ്ങളിലെ നഷ്ടം | 19739 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 8392 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3680006 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 18103 | | ശ്രീമതി ജിജി റ്റി, അസിസ്റ്റന്റ് സെക്രട്ടറി (ഇൻ-ചാർജ്ജ്) |
| 2-5 | 1636 | | |
| 3-1 | | 8392 | ശ്രീമതി ദീപ കൃഷ്ണൻകുട്ടി, അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 2255132 | ശ്രീ.ജിജി റ്റി., അസിസ്റ്റന്റ് സെക്രട്ടറി-ഇൻ ചാർജ്ജ് വെളിയന്നൂർ ഗ്രാമപഞ്ചായത്ത് |
| 3-3 | 102864 | |
| 3-6 | 1194960 | |
| 3-7 | 127050 | |
| ആകെ | 3680006 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം- ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ -ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരംമേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ദീപ കൃഷ്ണൻകുട്ടി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, മണർകാട് | വെള്ളപ്പള്ളിയിൽ, പാമ്പാടി സൗത്ത് പി.ഒ, കോട്ടയം-6865521 |
| ശ്രീ.ജിജി റ്റി, അസിസ്റ്റന്റ് സെക്രട്ടറി ഇൻ-ചാർജ്ജ് | സെക്രട്ടറി, വെളിയന്നൂർ ഗ്രാമപഞ്ചായത്ത് | അമ്പാടി, കൈപ്പുഴ പി.ഒ, കോട്ടയം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | |
|---|---|---|
| 2002-03 | എൽ.എഫ്.കെ.പി.6-/744/07/18.4.08 | |
| 2003-04 | എൽ.എഫ്.കെ.പി.6-1161/08/09-07-09. | |
| 2004-05 | എൽ.എഫ്.കെ.പി.1-190/അദാ./എഫ്.4/22-2-11 | |
| 2005-06 | എൽ.എഫ്.കെ.പി.1-190/അദാ./എഫ്.4/22-2-11 | |
| 2006-07 | എൽ.എഫ്.കെ.പി.1-190/അദാ./എഫ്.4/22-2-11 | |
| 2007-08 | എൽ.എഫ്.കെ.പി.1-190/അദാ./എഫ്.4/22-2-11 | |
| 2008-09 | എൽ.എഫ്.കെ.പി.11-1324/11/06-03-12 | |
| 2009-10 | എൽ.എഫ്.കെ.പി.12-1262/13/13.09.13 | |
| 2010-11 | എൽ.എഫ്.കെ.പി.12-1261/13/05-10-13 | |
| 2011-12 | എൽ.എഫ്.കെ.പി.12-1501/13/18.11.13 | 8 |
| 2012-13 | എൽ.എഫ്.കെ.പി.12-825/14/11.8.15 | 17 |
| 2013-14 | കെഎസ്എകെടിഎം പി12-241/16/16.03.16/26.03.16 | 9 |
| 2014-15 | കെഎസ്എകെടിഎം പി12-1129/16/4.8.16 | 30 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

# ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-കെ.ടി.എം.പി.12/1737/2016

കേരള സംസ്ഥാന ഓഡിറ്റ്
വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി: 21.11.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ മണർകാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മണർകാട് ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം